"ഭരണഭാഷ-മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ.E1-6568/2013 തീയതി: 04..04..2013

=============================== =====================

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശിശുവികസന പദ്ധതി ആഫീസർ-ഒഴിവുവന്ന പ്രോജക്ടുകളിൽ-സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ആഫീസിലെ 22/03/2013ലെ ഇതേ നമ്പർ ഉത്തരവ്.
2) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കോടതിയുടെ OA നമ്പർ: 642/2013 കേസിന്റെ അടിസ്ഥാനത്തിൽ 27/03/2013ലെ ഉത്തരവ്.

തിരുവനന്തപുരം അർബൻ-1 ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിലവിൽ ശിശുവികസന പദ്ധതി ആഫീസറുടെ ഒരു ഒഴിവ് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No: 13/2013ലെ 18/01/2013ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പട്ടാമ്പി അഡീഷണൽ ഉപ ശിശുവികസന പദ്ധതി ആഫീസറായി ജോലി നോക്കുന്ന ശ്രീമതി. സി.എസ്. രമയെ തിരുവനന്തപുരം അർബൻ-1 ഐ.സി.ഡി.എസ്. പ്രോജക്ടിൽ ഉപ ശിശുവികസന പദ്ധതി ആഫീസറായി സ്ഥലം മാറ്റി നിയമിച്ചിരുന്നു.

പരാമർശം (2) പ്രകാരം ഇരിക്കൂർ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. എം.എ. രമണിയ്ക്ക് പെൻഷൻ പറ്റാൻ 8 മാസം മാത്രമേയുള്ളൂവെന്നും, ടിയാളുടെ അപേക്ഷ തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള മറ്റ് അപേക്ഷകരോടൊപ്പം പരിഗണിക്കണമെന്നും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം ശ്രീമതി. രമണിയുടെ അപേക്ഷ പരിശോധിച്ചപ്പോൾ പെൻഷനാകാൻ 8 മാസം മാത്രം സേവനദൈർഘ്യമുള്ള ടിയാൾക്കാണ് ശ്രീമതി. രമയേക്കാൾ തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിനർഹയെന്ന് കാണുകയും, അതിൻ പ്രകാരം പരാമർശം (1) പ്രകാരം ശ്രീമതി. സി.എസ്. രമ, ഉപശിശുവികസന പദ്ധതി ആഫീസർക്ക് നല്കിയിരുന്ന സ്ഥലം മാറ്റം റദ്ദ് ചെയ്തുകൊണ്ടും, ഇരിക്കൂർ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. എം.എ. രമണിയെ തിരുവനന്തപുരം അർബൻ-1 ഐ.സി.ഡി.എസ്.ൽ ശിശുവികസന പദ്ധതി ആഫീസറായി സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇരിക്കൂർ ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധികച്ചുമതല ടി ഐ.സിഡി.എസ്.ലെ സൂപ്പർവൈസർ ശ്രീമതി. മിനി.കെ.സി വഹിക്കേണ്ടതതാണ്. ചുമതലകൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് ഈ ആഫീസിൽ അയച്ചുതരേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

1) ശ്രീമതി. എം.എ. രമണി,
ശിശുവികസന പദ്ധതി ആഫീസർ, ഇരിക്കൂർ.
2) ശ്രീമതി. മിനി. കെ.സി.
സൂപ്പർവൈസർ, ICDS പ്രോജക്ട്, ഇരിക്കൂർ.
3) ശ്രീമതി. സി.എസ്.രമ,
ഉപ ശിശുവികസന പദ്ധതി ആഫീസർ, പട്ടാമ്പി അഡീഷണൽ.

പകർപ്പ് ;
1) ജില്ലാ സാ:നീ.ആഫീസർ, പാലക്കാട്/കണ്ണൂർ.
2) ജില്ലാ പ്രോഗ്രാം ആഫീസർ, ICDS സെൽ, പാലക്കാട്/കണ്ണൂർ.
2) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.